File No.DWCD/824/2022-ICDSB6

"ഭരണഭാഷ-മാതൃഭാഷ"

No: DWCD/824/2022-ICDSB6

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19/03/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ച്:-

സൂചന:- 1. വനിതശിശു വികസന ഡയറക്ടറുടെ 06/03/2019 ലെ ICDS/A3-6160 / 2019 നം സർക്കുലർ

2. സർക്കാരിന്റെ 30.03.2019 ലെ സാ.നീ.വ-ബി1/149/2019/സാനീവ നം സർക്കുലർ

സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ താഴെപ്പറയുന്ന മുൻകരുതലുകൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1. അങ്കണവാടികളിലെ കുട്ടികളെ രാവിലെ 10 AM മുതൽ വൈകീട്ട് 3. 30 PM വരെയുള്ള സമയത്ത് അങ്കണവാടിയുടെ പുറത്തുള്ള പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല
2. അങ്കണവാടിക്കുള്ളിൽ വായു സഞ്ചാരം ഉറപ്പുവരുത്തേണ്ടതാണ്.
3. കുട്ടികൾ ആവശ്യത്തിന് വെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
4. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുട്ടികൾക്ക് നൽകുവാൻ പാടുള്ളൂ.
5. കുട്ടികൾക്ക് ഉപ്പിട്ട കഞ്ഞിവെള്ളം നാരങ്ങാവെള്ളം മോരുവെള്ളം എന്നിവ നൽകുക
6. കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിൽ പഴവർഗങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
7. ഫാൻ സൗകര്യം ഇല്ലാത്ത അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അവ ലഭ്യമാക്കുന്നതിന് ശിശുവികസന ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.
8. കഴിവതും കോട്ടൺ വസ്ത്രങ്ങൾ ധരിപ്പിച്ച കുട്ടികളെ അങ്കണവാടിയിൽ എത്തിക്കുന്നതിന് രക്ഷിതാക്കളോട് നിർദ്ദേശിക്കേണ്ടതാണ്.
9. പുറത്തിറങ്ങുമ്പോൾ കുട ,തൊപ്പി മുതലായവ ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കണം.
10. ചെരുപ്പ് ഇടാതെ നടക്കരുതെന്ന് കുട്ടികളോട് നിർദ്ദേശിക്കുക
11. ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട അസുഖങ്ങളുടെ ലക്ഷണങ്ങൾ കുട്ടികളിൽ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെടുക
12. ആരോഗ്യ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും